# നാലാം സമ്മേളനം

(2017 ഫെബ്രുവരി 23 മുതൽ മാർച്ച് 16 വരെ)

(1) മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ സംബന്ധിച്ച്

2017 മാർച്ച് 2-ാം തീയതി റിപ്പോർട്ട് സമർപ്പണത്തിനു ശേഷം, കമ്പനീസ് ആക്ട് പ്രകാരമോ സഭ പാസ്സാക്കിയ പ്രത്യേക നിയമപ്രകാരം രൂപീകരിച്ചതോ ആയ പൊതുമേഖലാ സ്ഥാപനങ്ങളുടേയോ മറ്റ് സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങളുടേയോ ഭരണ റിപ്പോർട്ടുകൾ, വാർഷിക റിപ്പോർട്ടുകൾ, ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവയാണ് സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതെന്നും 28-02-2017-ന് മേശപ്പുറത്തുവച്ച ചില വാർഷിക ഭരണ റിപ്പോർട്ടുകൾ നിയമാനുസൃതം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണോയെന്നത് പരിശോധിക്കണമെന്നും ഒരംഗം ആവശ്യപ്പെടുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി*

"പാർലമെന്റും സംസ്ഥാന നിയമസഭയും പാസ്സാക്കിയ നിയമങ്ങൾ, കീഴ്വഴക്കങ്ങൾ, മറ്റ് സ്റ്റാറ്റ്യൂട്ടുകൾ കൗൾ ആന്റ് ശക്ധർ എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ളതുപ്രകാരവും മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ശിപാർശകളുടെ

* XIV KLA IV Session Vol.No.165 dated 02.03.2017.

അടിസ്ഥാനത്തിലുമാണ് രേഖകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം സമഗ്രമായി പരിശോധിച്ച് സഭാചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുണ്ടോയെന്ന കാര്യം ചെയറിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്."